LIBRARY ARCHIVES Kerala Legislative Assembly

ബോക്സിംഗ് പരിശീലന കേന്ദ്രത്തിന് ധനസഹായം

125 (2577) ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽപ്പെട്ട പൂളാടികുന്നിൽ ബോക്സിംഗ് പരിശീലനം നല്കുന്ന ഒരു കേന്ദ്രം പ്രവർത്തിച്ചു വരുന്ന കാര്യം സ്പോർട്സ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പരിശീലന കേന്ദ്രത്തിന് എന്തെങ്കിലും സാമ്പത്തിക സഹായമോ മറ്റ് സഹായങ്ങളോ സ്പോർട്സ് കൗൺസിലിൽ നിന്നോ ഗവൺമെന്റിൽ നിന്നോ നല്കിവരുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നല്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ കേന്ദ്രത്തിൽ നിന്ന് പരിശീലനം ലഭിച്ച ബോക്സിംഗ് താരങ്ങൾ സ്റ്റേറ്റ് നാഷണൽ മീറ്റുകളിൽ ഉന്നത നേട്ടം കൈവരിച്ച കാര്യം കണക്കിലെടുത്ത് ഈ കേന്ദ്രത്തിന് കൂടുതൽ സഹായം നല്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) അപേക്ഷ ലഭിച്ചാൽ സ്പോർട്സ് കൗൺസിലിൽ പരിഗണിക്കാവുന്നതാണ്.

സ്പോർട്സ് കോട്ടയിൽ ജോലി ലഭിച്ചവർ

126 (2578) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് കോട്ടയിൽ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ടെന്നും നിയമനം ലഭിച്ചവർ ഏതു മേഖലയിൽ ഏതു നിലയിൽ മികവ് തെളിയിച്ചവരാണെന്നും ഏതു വകുപ്പിൽ ഏതു തസ്തികയിൽ ജോലി നല്കിയെന്നും വിശദീകരിക്കുമോ ;

(ബി) സ്പോർട്സ് കോട്ടയിൽ ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുവീതം സംവരണം ചെയ്തിട്ടുണ്ടെന്നും അതിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രഗത്ഭ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നല്കുന്ന പദ്ധതിപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന ഉത്തരവ് നല്കിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന നാല് ഒഴിവുകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നല്കിയിട്ടുണ്ട്. അവർ മികവ് തെളിയിച്ച മേഖല, നില, ജോലി ലഭിച്ച വകുപ്പ്, തസ്തിക എന്നിവ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി (ഒന്ന്) ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോഴ്സുകളുടെയും സീറ്റിന്റെയും വിവരം അനുബന്ധം (രണ്ട്) ആയി ചേർത്തിരിക്കുന്നു*. കേരള സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് കോട്ടയിൽ പ്രവേശനം നല്കുന്നത്. തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധം (മൂന്ന്) ആയി ചേർത്തിരിക്കുന്നു*.

സന്തോഷ് ട്രോഫി ജേതാക്കൾക്ക് സർക്കാർ ജോലി നല്കുമെന്ന പ്രഖ്യാപനം

127 (2579) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ലെ സന്തോഷ് ട്രോഫി ജേതാക്കളായ കേരള ഫുട്ബോൾ ടീമിൽ കളിച്ച ജോലിയില്ലാത്ത മുഴുവൻ ടീമംഗങ്ങൾക്കും സർക്കാർ ജോലി നല്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിൽ എത്ര പേർക്ക് ജോലി നല്കി ;

(സി) ഇനി എത്രപേർക്കു കൂടി ജോലി നല്കാനുണ്ട് ;

(ഡി) ഇവർക്ക് എപ്പോൾ ജോലി നല്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) രണ്ടു പേർക്ക്.

(സി) നാലു പേർക്ക്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്പോർട്സ് കോട്ടയിൽ പ്ലസ് വൺ, ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിനുള്ള മാനദണ്ഡം

128 (2580) ശ്രീ. എം. എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ, ഡിഗ്രി കോഴ്സുകളിലേക്ക് സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളിൽ സ്പോർട്സ് കോട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണ് നല്കിയിരിക്കുന്നത് ;

(ബി) ഇത്തരം സെലക്ഷന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly